"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഗതാഗത വകുപ്പ് - കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ - വാർഷിക പദ്ധതി 2025-26 - കെ.എസ്.ആർ.ടി.സി.യിലെ ഡ്രൈവർമാർ, സാങ്കേതിക വിദഗ്ധർ, മറ്റ് ഉദ്യോഗസ്ഥർ എന്നിവർക്കുള്ള പരിശീലനം എന്ന പദ്ധതിക്ക് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഗതാഗത (എ) വകുപ്പ്**

സ.ഉ.(സാധാ) നം.291/2025/TRANS തീയതി,തിരുവനന്തപുരം, 28-06-2025

---

പരാമർശം:-

1. കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ 10.04.2025-ലെ Bud.1/7/2024-Fin. നമ്പർ കത്ത്.
2. 02.06.2025-ൽ കൂടിയ വകുപ്പ്തല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിലെ 1(2) നമ്പർ തീരുമാനം.

**ഉത്തരവ്**

കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (കെ.എസ്.ആർ.ടി.സി.)-ലെ ഡ്രൈവർമാർ, സാങ്കേതിക വിദഗ്ധർ, മറ്റ് ഉദ്യോഗസ്ഥർ എന്നിവർക്കുള്ള പരിശീലനം എന്ന പദ്ധതിക്ക് ഭരണാനുമതി ലഭിക്കുന്നതിനായി 1 കോടി രൂപയുടെ പ്രൊപ്പോസൽ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി.യുടെ പരാമർശം (1) പ്രകാരം ലഭ്യമാക്കിയിരുന്നു. 02.06.2025-ൽ കൂടിയ വകുപ്പ്തല വർക്കിംഗ് ഗ്രൂപ്പ് കമ്മിറ്റി യോഗം പ്രസ്തുത പ്രൊപ്പോസൽ പരിശോധിക്കുകയും, പരിശീലന ഷെഡ്യൂളിനായി 10 വർഷത്തെ സമഗ്ര പദ്ധതി രൂപീകരിക്കണമെന്നും അതിനായി Training Need Assistance നടത്തി വിശാലമായ ഒരു മാസ്റ്റർ പ്ലാൻ കെ.എസ്.ആർ.ടി.സി. തയ്യാറാക്കണമെന്ന വ്യവസ്ഥയോടെ ഡ്രൈവർമാർ, സാങ്കേതിക വിദഗ്ധർ, മറ്റ് ഉദ്യോഗസ്ഥർ എന്നിവർക്കുള്ള പരിശീലനം എന്ന പദ്ധതിക്ക് പരാമർശം (2) പ്രകാരം അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

2. വകുപ്പ്തല വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ച പ്രകാരം, കെ.എസ്.ആർ.ടി.സി.യിലെ ഡ്രൈവർമാർ, സാങ്കേതിക വിദഗ്ധർ, മറ്റ് ഉദ്യോഗസ്ഥർ എന്നിവർക്കുള്ള പരിശീലനം എന്ന പദ്ധതിക്ക് 1 കോടി രൂപ (ഒരു കോടി രൂപ മാത്രം) 5055-00-190-99 (03) (പ്ലാൻ) ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. മേൽ പദ്ധതിയുടെ പ്രോജക്ട് മാനേജർ ശ്രീ.വി.വിനോദ് കുമാർ, വെൽഫെയർ ഓഫീസർ, കെ.എസ്.ആർ.ടി.സി. ആയിരിക്കും. ടി പദ്ധതി 31.03.2026-നുള്ളിൽ പൂർത്തിയാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

വിജയശ്രീ.കെ.എസ്

അഡിഷണൽ സെക്രട്ടറി

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം.

സബ് ട്രഷറി ഓഫീസർ, സെക്രട്ടേറിയറ്റ് സബ് ട്രഷറി, തിരുവനന്തപുരം.

വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

(ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് പകർപ്പ് (E 3180943)

ഉത്തരവിൻ പ്രകാരം,

**Signed by Susilkumary S**
**Date: 30-06-2025 10:33:14**

സെക്ഷൻ ഓഫീസർ.

പകർപ്പ്:- ബഹു. ഗതാഗത വകുപ്പ് മന്ത്രിയുടെ പി.എസ്.

ഗതാഗത വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.